(ബി) പാലക്കാട്, ഇടുക്കി ജില്ലകളിൽ ഭൂമി കയ്യേറി വ്യാജപട്ടയങ്ങൾ സമ്പാദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

അഡ്വക്കേറ്റ്സ് പ്രോവിഡന്റ് ഫണ്ട് രൂപീകരണം

*10 [846] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് മാതൃകയിൽ സംസ്ഥാനത്തെ വക്കീലൻമാർക്കായി ഒരു അഡ്വക്കേറ്റ്സ് പ്രോവിഡന്റ് ഫണ്ട് രൂപീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

ഇതു സംബന്ധിച്ച് ഇപ്പോൾ ഒരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

എയ്ഡഡ് സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

*11 [847] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാനുള്ള അധികാരം സർവ്വകലാശാലകളിൽനിന്നും മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സർക്കാരിന്റെ അനുമതി തേടണം എന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അദ്ധ്യാപക-അനദ്ധ്യാപകരുടെമേൽ നടപടിയെടുക്കാൻ സർക്കാർ നിർദ്ദേശിച്ചാൽ അത് അനുസരിക്കുന്നതിന് മാനേജ്മെന്റിന് ഇപ്പോൾ ബാദ്ധ്യതയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഇല്ല. നിർദ്ദിഷ്ട നിയമത്തിൽ ഇതിന് വ്യവസ്ഥ ഏർപ്പെടുത്തുന്നതാണ്.

അൺ എയ്ഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരണം

*12 [848] ശ്രീ. വി. ചെന്താമരാക്ഷൻ:
,, സാജു പോൾ:
,, മഞ്ഞളാംകുഴി അലി:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സിലബസ് ഏകീകരണത്തിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്നതിനുള്ള ചുമതല സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) കേരള സിലബസ് പ്രകാരം പഠനം നടക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ഇപ്പോൾ ഏകീകൃത സിലബസാണ് നിലവിലുള്ളത്. അതുകൊണ്ട് സിലബസ് ഏകീകരിക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) കേരള സിലബസ് പ്രകാരമുള്ള എല്ലാ പാഠപുസ്തകങ്ങളും സർക്കാർ നിർദ്ദേശപ്രകാരം എസ്. സി. ഇ.ആർ. ടി. ആണ് തയ്യാറാക്കി നൽകുന്നത്.

(ഡി) പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും കരിക്കുലം കമ്മിറ്റിയും കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഉപസമിതിയും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly